

## വാർത്തകളും കുറിപ്പുകളും

**1. പ്രൊഫിഷ്യൻസി അവാർഡ് ദാനവും മുതിർന്ന അദ്ധ്യാപകരെ ആദരിക്കലും**

പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിൽ (സ്റ്റേറ്റ്, സി. ബി. എസ്. ഇ., എ. സി. എസ്. ഇ/ഐ.എസ്.ഇ. സിലബസുകൾ) നിന്നു 2020 ലും 2021 ലും പുറത്തിറങ്ങിയ രണ്ടു ബാച്ചുകളിലെ നമ്മുടെ സഭയിലെ മികച്ച വിദ്യാർത്ഥികൾക്കു പ്രൊഫിഷ്യൻസി അവാർഡ് നൽകുന്നതിന് ലഭിച്ച അപേക്ഷകളിൽ നിന്നു അവാർഡിന് അർഹരായ കുട്ടികളെ തെരഞ്ഞെടുത്ത വിവരം സന്തോഷത്തോടെ അറിയിക്കുന്നു. ലിസ്റ്റ് താഴെ കൊടുക്കുന്നു. കോവിഡ് സാഹചര്യത്തിലും മികച്ച വിജയം കരസ്ഥമാക്കിയ എല്ലാ വിദ്യാർത്ഥികളെയും അവരെ പ്രോത്സാഹിപ്പിച്ച രക്ഷകർത്താക്കളെയും സഭയുടെ അനുമോദനങ്ങൾ അറിയിക്കുന്നു. സെപ്റ്റംബർ 26 ഞായർ, സീനിയർ സിറ്റിസൺ സൺഡേ ആരാധനയ്ക്ക് ശേഷം പ്രൊഫിഷ്യൻസി അവാർഡ് നേടിയ നമ്മുടെ പ്രിയപ്പെട്ട വിദ്യാർത്ഥികളെയും അധ്യാപകരായിട്ടുള്ള എല്ലാ സീനിയർ അംഗങ്ങളെ പ്രതിനിധീകരിച്ച്, വിവിധ വിദ്യാഭ്യാസ മേഖലകളിൽ ദീർഘകാലം സേവനം അനുഷ്ടിച്ചിട്ടുള്ള ചില മുതിർന്ന സഭാ അംഗങ്ങളേയും പരസ്പരം ആദരിക്കുന്നതിന് റവ. പി. കെ. ചാക്കോ അച്ചന്റെ അദ്ധ്യക്ഷതയിൽ അനുമോദന യോഗം നടത്തി.

ആദരിക്കപ്പെട്ട മുതിർന്ന അദ്ധ്യാപകർ

1. റവ. ഡോ. ജേക്കബ് വർഗ്ഗീസ് (IDJ-001, Page 347)
2. ഡോ. മോഹൻ മാത്യു (ID M-101, Page 375)
3. പ്രൊഫ. ബാബു സക്കറിയ (ID B-053)
4. ഡോ. സൂസൻ ഫിലിപ്പ് (ID J-113, Page 27)
5. ശ്രീ. ഐപ്പ് കുരുവിള (ID E-010, Page 479)
6. ശ്രീമതി മോളി ജോർജ് (ID M-104, Page 261)

## List of Proficiency Award Winners (2019-20 & 2020-21)

| Name of Award Winner | Name of Father |
|---|---|
| **Academic Year 2019-20** | |
| BINNY THOMAS | Mr. Thomas T.K. |
| VARSHA RACHEL GEORGE | Mr. George Varghese |
| SHAINA MARIAM PRASAD | Mr. P.T. Prasad |
| MIRIAM CHERIAN | Dr. Cherian Jacob |
| SREYA MARIAM GEORGE | Mr. George Cherian |
| **Academic Year 2020-21** | |
| AMY ELIZABETH JACOB | Dr. Abhilash K Jacob |
| ADHENA JOYA JOSEPH | Dr. Arun Joseph |
| JACOB CHERIAN | Dr. Cherian Jacob |
| ANEETA SARA SAM | Mr. Sam John M |
| JOHANN JOSHUA KNOX | Mr. Joshua Franklin Knox |
| ABHISHEK KURUVILLA VARGHESE | Rev. Binju Varghese Kuruvilla |
| RIYAN M GEORGE | Mr. George M Cherian |
| NAIRA SUSAN NINAN | Rev. Ninan Jacob |
| VIJAY JOSEPH DEEPAK | Mr. Deepak Jacob Joseph |

**2. ദേവാലയ ആരാധനകളുടെ ക്രമീകരണങ്ങളും ദാനാർപ്പണ ങ്ങളും**

സെപ്റ്റംബർ 5 ഗായകസംഘ ഞായർ, 12 വിദ്യാഭ്യാസ ഞായർ, 19 മിഷൻ സൺഡേ, 26 സീനിയർ സിറ്റിസൺസ് സൺഡേ എന്നീ ദിനാചരണങ്ങൾ ഏറ്റവും ഭംഗിയായി നടത്താൻ സാധിപ്പിച്ച ദൈവത്തെ സ്തുതിക്കുന്നു. പ്രത്യേക വചന ശുശ്രൂഷകൾ നടത്തിയ ശ്രീമതി ജോളി ജോബ്, ശ്രീമതി ഷീല മറിയം ജേക്കബ്, റവ. ജേക്കബ് ദേവസ്യ എന്നിവരോട് സഭയുടെ പേരിൽ നന്ദി അർപ്പി ക്കുന്നു. സെപ്റ്റംബർ മാസത്തിലെ സമയക്രമ പട്ടിക പ്രകാരം എല്ലാ ആരാധനകളും നടത്തുവാൻ അവയുടെ തത്സമയ സംപ്രേഷണം യൂടൂബിലൂടെ ലഭ്യം ആക്കുവാനും കൃപ ചെയ്ത ദൈവത്തെ സ്തുതിക്കുന്നു. നിയന്ത്രണങ്ങളോട് സഹകരിച്ച എല്ലാ സഭാ ജന ങ്ങളോടും ദൈവനാമത്തിൽ നന്ദി അർപ്പിക്കുന്നു. ഒക്ടോബർ മാസത്തെ ദിവ്യ ആരാധനകളുടെ സമയക്രമത്തെപ്പറ്റി വിശദവിവര ങ്ങൾ 13-ാം പേജിൽ പട്ടിക ആയി കൊടുത്തിട്ടുണ്ട്. സർക്കാർ നിബ

ന്ധനകൾ അനുസരിച്ചു ഇതിൽ മാറ്റം വരുത്തേണ്ടി വന്നാൽ വാട്ട്സ് ആപ്പിലൂടെ അറിയിക്കുന്നതായിരിക്കും. ഭവനങ്ങളിൽ ആയിരിക്കുമ്പോൾ ഓൺലൈൻ ആരാധനയിൽ സംബന്ധിക്കുന്ന ഏവരും സ്തോത്ര കാഴ്ചയും പ്രത്യേക ദാനങ്ങളും ശേഖരിച്ചു വെക്കണം എന്നും മാസത്തിൽ ഒരിക്കലെങ്കിലും അവയെ സഭയുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി അയച്ച് തന്ന്, സഹായിക്കണമേ എന്നും അഭ്യർത്ഥിക്കുന്നു.

**3. സഭയുടെ ഓൺലൈൻ മീറ്റിംഗുകൾ നടത്തുവാൻ പ്രത്യേക സൂം അക്കൗണ്ട്**

ഏരിയാ പ്രാർത്ഥനാ കൂട്ടായ്മകൾ, ക്രൈസ്റ്റ് ചർച്ചിന്റെ സംഘടനകളുടെ ഓൺലൈൻ യോഗങ്ങൾ, സൺഡേ സ്കൂൾ എന്നിവ ഓൺലൈൻ മീറ്റിംഗായി നടത്തുവാൻ സെപ്റ്റംബർ മാസം മുതൽ സഭയ്ക്കു സ്വന്തം ആയി ഒരു സൂം അക്കൗണ്ട് തുടങ്ങിയ കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ. ഈ സൗകര്യം പ്രയോജനപ്പെടുത്തുവാൻ ചർച്ച് വാർഡൻ ശ്രീ. ജോർജ് കോശിയെ ബന്ധപ്പെടണം എന്നു അറിയിക്കട്ടെ.

പ്രാർത്ഥനകളോടെ,

**തോമസ് ബിജു മാത്യു**
**ചർച്ച് സെക്രട്ടറി**

**CHURCH DUES/MONTHLY SUBSCRIPTION:2021-22**

Members who have not paid church dues, their monthly subscription for the year are requested to pay the same through the green cover , at the Parsonage/Nanthancode Office.

The Subscription may be paid online and intimated to us on e-mail: **office@csichristchurch.org or informed to the Treasurer/Accountant**

| | |
|---|---|
| **CHRIST CHURCH, TRIVANDRUM** | **Federal Bank, Nanthancode** |
| **SB: 13170100040167** | **IFSC: FDRL0001317** |